# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 05.10.2026 | പ്രധാന വാർത്തകൾ | TIME : 07.25 PM

1. പ്രധാനമന്ത്രി നരേന്ദ്രമോദി, സ്വിസ് പ്രസിഡന്റ് ഗൈ പാർമെലിനുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യൻ ഉത്പന്നങ്ങളുടെ കയറ്റുമതി സാധ്യത വർദ്ധിപ്പിക്കാൻ കൂടിക്കാഴ്ചയിൽ ധാരണ.

   **Prime Minister Narendra Modi held bilateral talks with Swiss President Guy Parmelin in New Delhi. The meeting focused on enhancing the export potential of Indian products.**

2. 6G -സാങ്കേതികവിദ്യയിൽ ഇന്ത്യ ഇനി ലോകത്തെ നയിക്കുമെന്ന് കേന്ദ്ര വാർത്താവിനിമയ മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ.

   **Union Communications Minister Jyotiraditya Scindia said that India aims to lead the world in 6G technology.**

3. എസ്.ഐ.ആറുമായി ബന്ധപ്പെട്ട ആരോപണത്തിൽ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിനെ സസ്പെൻഡ് ചെയ്യണമെന്ന ആവശ്യം തള്ളി സുപ്രീം കോടതി.

   **The Supreme Court today declined to pass an interim order seeking suspension of Chief Election Commissioner Gyanesh Kumar over allegations of unilateral decision-making in the Election Commission during the Special Intensive Revision of electoral rolls.**

4. ഗുജറാത്ത്, ഡൽഹി, തെലങ്കാന ഹൈക്കോടതി ചീഫ് ജസ്റ്റിസുമാരെ -സുപ്രീം കോടതി ജഡ്ജിമാരായി നിയമിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു.

President Droupadi Murmu appointed the Chief Justices of the Gujarat, Delhi and Telangana High Courts as judges of the Supreme Court.

5. വൈദ്യശാസ്ത്രത്തിനുള്ള 2026-ലെ നൊബേൽ സമ്മാനം കാൾ ഡെയ്സെറോത്ത്, പീറ്റർ ഹെഗ്മാൻ, ജോർജ് നാഗേൽ എന്നിവർക്ക്.

The 2026 Nobel Prize in Physiology or Medicine has been awarded to Karl Deisseroth, Peter Hegemann and Georg Nagel.

6. കേരളത്തിൽ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. കേരളം കർണാടക തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്ക്.

IMD predicts isolated heavy rainfall is likely in Kerala. Fishing has been banned along the Kerala and Karnataka coasts today.

## NEW SWISS PREZ ARRIVAL

പ്രധാനമന്ത്രി നരേന്ദ്രമോദി, സ്വിസ് പ്രസിഡന്റ് ഗൈ പാർമെലിനുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. ഇന്ത്യൻ കയറ്റുമതി ഉത്പന്നങ്ങളുടെ സ്വിറ്റ്സർലൻറിലെ വിപണി സാധ്യത വർദ്ധിപ്പിക്കാൻ ധാരണയായതായും, കാർഷിക ഉത്പന്നങ്ങൾ, ഫാർമസ്യൂട്ടിക്കൽസ്, വസ്ത്രങ്ങൾ തുടങ്ങിയവയുടെ കയറ്റുമതി ഉയരാൻ ഇത് സഹായിക്കുമെന്നും പ്രധാനമന്ത്രി പറഞ്ഞു. ബയോടെക്നോളജി, ബാങ്കിങ്, ഇൻഷ്വറൻസ്, ലൈഫ് സയൻസ് തുടങ്ങിയ മേഖലയിൽ കൂടുതൽ സ്വിസ്സ് നിക്ഷേപം ആകർഷിക്കാൻ ഇന്ത്യയ്ക്ക് സാധിക്കുമെന്നും ശ്രീ മോദി വ്യക്തമാക്കി .യൂറോപ്യൻ ഫ്രീ ട്രേഡ് അസോസിയേഷൻ രാജ്യങ്ങളുമായി ഇന്ത്യ നടപ്പാക്കിയ വ്യാപാര-

സാമ്പത്തിക പങ്കാളിത്ത കരാറിലൂടെ അടുത്ത 15 വർഷം കൊണ്ട് 100 ബില്യൺ ഡോളറിൻറെ നിക്ഷേപവും, പത്ത് ലക്ഷം തൊഴിലവസരങ്ങളുമാണ് രാജ്യം ലക്ഷ്യമിടുന്നതെന്നും പ്രധാനമന്ത്രി പറഞ്ഞു.

(ഹോൾഡ്)

വ്യാപാരം, നിക്ഷേപം, വിതരണ ശൃംഖല തുടങ്ങിയ മേഖലകളിൽ യോജിച്ച് പ്രവർത്തിക്കാനും നേതാക്കൾക്കിടയിൽ ധാരണയായി. ഗതാഗത സാങ്കേതികവിദ്യ, മൊബിലിറ്റി സംവിധാനങ്ങൾ, അടിസ്ഥാന സൗകര്യ വികസനം എന്നിവയിലെ സഹകരണത്തിനായി ഇന്ത്യയും സ്വിറ്റ്സർലൻഡും നിരവധി കരാറുകളിലും ഒപ്പുവെച്ചു. മൂന്ന് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ന്യൂഡൽഹിയിലെത്തിയ സ്വിസ്സ് പ്രസിഡൻറിന് രാഷ്ട്രപതി ഭവനിൽ ഔദ്യോഗിക വരവേൽപ് ഒരുക്കിയിരുന്നു.

## SITHARAMAN – INDIA US DEAL (INTRO)

ഇന്ത്യ- യുഎസ് വ്യാപാര കരാറുമായി ബന്ധപ്പെട്ട ചർച്ചകൾ തുടരുകയാണെന്നും, ഇതുവരെ അന്തിമ രൂപമായിട്ടില്ലെന്നും കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമൻ. ഇന്ത്യയ്ക്ക് അനുകൂലമായ വിധത്തിലുള്ള വ്യാപാര സംതുലനം ഉറപ്പുവരുത്തുമെന്നും ന്യൂഡൽഹിയിൽ നടന്ന 'മ്യൂണിക്ക് ലീഡേഴ്സ് മീറ്റിംഗിൽ ധനമന്ത്രി വ്യക്തമാക്കി. ഇന്ത്യ-യൂറോപ്യൻ യൂണിയൻ സ്വതന്ത്ര വ്യാപാര കരാറിനെയും ധനമന്ത്രി പ്രശംസിച്ചു.

(വോയ്സ്)

## SCINDIA-TELECOM

6G -സാങ്കേതികവിദ്യയിൽ ഇന്ത്യ ലോകത്തെ നയിക്കുമെന്ന് കേന്ദ്ര വാർത്താവിനിമയ മന്ത്രി ജ്യോതിരാദിത്യ സിന്ധ്യ. ടെലികോം ഉപകരണങ്ങൾ ഇറക്കുമതി ചെയ്തിരുന്ന നിലയിൽ നിന്നും അവ കയറ്റുമതി ചെയ്യുന്ന രാജ്യമായി ഇന്ത്യ

മാറിയെന്നും ന്യൂഡൽഹിയിൽ നടന്ന ഇന്ത്യൻ ഫൗണ്ടേഷൻ ഫോർ ക്വാളിറ്റി മാനേജ്മെന്റ് സിമ്പോസിയത്തിൽ അദ്ദേഹം പറഞ്ഞു. എട്ടോളം സെമികണ്ടക്ടർ നിർമ്മാണ യൂണിറ്റുകൾ രാജ്യത്ത് ആരംഭിക്കുമെന്നും മന്ത്രി വ്യക്തമാക്കി. നിലവിൽ രാജ്യത്ത് ഉപയോഗിക്കുന്ന നൂറു ശതമാനം മൊബൈൽ ഫോണുകളും ഇന്ത്യയിൽ നിർമ്മിച്ചവയാണെന്നും 135 കോടി മൊബൈൽ കണക്ഷനുകളോടെ ഇന്ത്യ ലോകത്തിലെ രണ്ടാമത്തെ വലിയ മൊബൈൽ ടെലികോം വിപണിയായതായും ശ്രീ സിന്ധ്യ വ്യക്ത്മാക്കി .

## REV. SC-ECI

തീവ്ര വോട്ടർ പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ ഏകപക്ഷീയമായി കൈക്കൊണ്ടുവെന്ന ആരോപണത്തിൽ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഗ്യാനേഷ് കുമാറിനെ സസ്പെൻഡ് ചെയ്യ് ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കണമെന്ന ആവശ്യം തള്ളി സുപ്രീം കോടതി. വിഷയത്തിൽ കേന്ദ്ര സർക്കാരിനും തിരഞ്ഞെടുപ്പ് കമ്മീഷനും മറ്റ് എതിർകക്ഷികൾക്കും ചീഫ് ജസ്റ്റിസ് സൂര്യ കാന്ത് അധ്യക്ഷനായ ബെഞ്ച് നോട്ടീസ് അയച്ചു. മാധ്യമവാർത്തകളുടെ അടിസ്ഥാനത്തിൽ ഏകപക്ഷീയമായി നടപടി സ്വീകരിക്കാനാവില്ലെന്നും, നിയമപരമായ ഏതെങ്കിലും വ്യവസ്ഥകൾ ലംഘിക്കപ്പെട്ടിട്ടുണ്ടോ എന്ന് പരിശോധിക്കുമെന്നും കോടതി വ്യക്തമാക്കി. എസ്.ഐ.ആറുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ ഭൂരിപക്ഷം ഇല്ലാതെയാണ് എടുത്തതെന്ന് തെളിഞ്ഞാൽ ഇവ പുനഃപരിശോധിക്കാമെന്നും കോടതി അറിയിച്ചു.

## SC-FORM 6

വോട്ടർപട്ടിക പുതുക്കൽ പ്രക്രിയയുമായി ബന്ധപ്പെട്ട ഫോം 6-ൽ മാറ്റങ്ങൾ വരുത്താൻ സുപ്രീംകോടതി അനുമതി

നൽകിയിട്ടില്ലെന്ന് വ്യക്തമാക്കി ചീഫ് ജസ്റ്റിസ് സൂര്യകാന്ത് ഉൾപ്പെട്ട ബെഞ്ച്. ഫോം 6-ൽ മാറ്റങ്ങൾ വരുത്തിയത് ആരാണെന്ന് കണ്ടെത്താൻ, ബന്ധപ്പെട്ട രേഖകൾ ഹാജരാക്കാനും കോടതി നിർദ്ദേശിച്ചു. അപേക്ഷകരുടെ പൂർവിക വിവരങ്ങൾ ഉൾപ്പെടെ ആവശ്യപ്പെടുന്ന രീതിയിൽ ഫോം 6-ൽ മാറ്റങ്ങൾ വരുത്തിയത് ചോദ്യം ചെയ്യുള്ള പൊതുതാൽപര്യ ഹർജി പരിഗണിക്കുകയായിരുന്നു കോടതി. ബിഹാറിലെ SIR നടപടികളുമായി ബന്ധപ്പെട്ട് 2026 മെയ് മാസത്തിൽ പുറപ്പെടുവിച്ച വിധിയിൽ സുപ്രീം കോടതി ഫോം 6 അംഗീകരിച്ചെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ മുൻപ് വാർത്താക്കുറിപ്പിലൂടെ വ്യക്തമാക്കിയിരുന്നു.

## PREZ- JUDGES APPOINTEMENT

ഗുജറാത്ത്, ഡൽഹി, തെലങ്കാന ഹൈക്കോടതി ചീഫ് ജസ്റ്റിസുമാരെ സുപ്രീം കോടതി ജഡ്ജിമാരായി നിയമിച്ച് രാഷ്ട്രപതി ദ്രൗപദി മുർമു . ജസ്റ്റിസ് സുനിത അഗർവാൾ, ജസ്റ്റിസ് ദേവേന്ദ്ര കുമാർ ഉപാധ്യായ, ജസ്റ്റിസ് അപരേഷ് കുമാർ സിംഗ് എന്നിവരെയാണ് നിയമിച്ചത്.

## NOBEL-MEDICINE

വൈദ്യശാസ്ത്രത്തിനുള്ള 2026-ലെ നൊബേൽ സമ്മാനം കാൾ ഡെയ്സെറോത്ത്, പീറ്റർ ഹെഗ്മാൻ, ജോർജ് നാഗേൽ എന്നിവർക്ക്. മസ്തിഷ്ക പഠനവുമായി ബന്ധപ്പെട്ട 'ഒപ്റ്റോജെനെറ്റിക്സ്' മേഖലയിലെ കണ്ടെത്തലുകൾക്കാണ് പുരസ്കാരം. അമേരിക്കയിൽ നിന്നും ജർമനിയിൽ നിന്നുമുള്ള ബയോഎഞ്ചിനീയറിംഗ്, ബയോഫിസിക്സ്, ന്യൂറോസയൻസ് വിദഗ്ധരാണ് പുരസ്കാര ജേതാക്കൾ.

## PRALHAD JOSHI-MENTAL HEALTH

രാജ്യത്തെ വിദ്യാഭ്യാസ മേഖലയിൽ മാനസികാരോഗ്യത്തിന് മുൻഗണന നൽകാൻ കേന്ദ്ര സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രി പ്രൽഹാദ് ജോഷി. വിദ്യാലയങ്ങൾക്കായുള്ള ദേശീയ മാനസികാരോഗ്യ-ക്ഷേമ നയത്തിന്റെ കരട് ഉന്നത ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്ത ശേഷമാണ് മന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്. കുട്ടികളുടെ സമഗ്ര വികസനത്തിന് മാനസികാരോഗ്യം, വൈകാരിക സുരക്ഷിതത്വം എന്നിവ ഉറപ്പാക്കുന്ന അന്തരീക്ഷം വിദ്യാലയങ്ങളിൽ ഒരുക്കുന്നത് സംബന്ധിച്ച് ചർച്ചകൾ നടന്നു.

## PM 25 YRS- (INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദി, പൊതുസേവന രംഗത്ത് 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. വന്ദേ ഭാരത് ട്രെയിനുകൾ രാജ്യത്ത് സർവീസ് ആരംഭിച്ചതിനെക്കുറിച്ചാണ് ആകാശവാണി അവതരിപ്പിക്കുന്ന പ്രത്യേക പരമ്പരയിൽ ഇന്ന്....

(വോയ്സ്)

2047-ഓടെ വികസിത ഇന്ത്യ കെട്ടിപ്പടുക്കുന്നതിൽ ഗതാഗത സൗകര്യങ്ങളുടെ വികസനം ഏറെ സുപ്രധാനമാണ്. ഇതിൻറെ ഭാഗമായാണ് രാജ്യത്തുടനീളം വേഗതയേറിയതും സുരക്ഷിതവുമായ ട്രെയിൻ യാത്ര ഉറപ്പാക്കുന്നതിന് ഇന്ത്യൻ റെയിൽവേ 2019 ഫെബ്രുവരിയിൽ വന്ദേ ഭാരത് എക്സ്പ്രസ് അവതരിപ്പിച്ചത്. ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച ആദ്യ സെമി ഹൈസ്പീഡ് ട്രെയിനാണ് വന്ദേഭാരത്. 160-ലധികം വന്ദേ ഭാരത് ട്രെയിനുകളാണ് രാജ്യത്ത് നിലവിൽ സർവീസ് നടത്തുന്നത്. പൂർണ്ണമായും എയർ കണ്ടീഷൻ ചെയ്ത ഈ ട്രെയിനുകൾക്ക് മണിക്കൂറിൽ പരമാവധി 180 കിലോമീറ്റർ വരെ വേഗത കൈവരിക്കാൻ ശേഷിയുണ്ട്. നഗരങ്ങൾക്കിടയിലെ സഞ്ചാര സമയം ഗണ്യമായി കുറയ്ക്കുന്നതിനും, സുഖപ്രദമായ

യാത്ര ഉറപ്പുവരുത്തുന്നതിനും വന്ദേഭാരത് എക്സ്പ്രസുകളിലൂടെ സാധിച്ചു.

**ന്യൂസ്ഡെസ്ക് ആകാശവാണി...**

## SC-WOMEN SAFETY

ഡൽഹിയിൽ സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കാൻ കൂടുതൽ ശക്തമായ മുൻകരുതൽ നടപടികൾ വേണമെന്ന് സുപ്രീം കോടതി. സമീപകാല സംഭവങ്ങളുമായി ബന്ധപ്പെട്ട് സ്വമേധയാ എടുത്ത കേസ് പരിഗണിക്കുകയായിരുന്നു കോടതി. രാത്രികാല യാത്രകളിൽ ഉൾപ്പെടെ ഓരോ സ്ത്രീക്കും സുരക്ഷിതത്വം ഉറപ്പാക്കണമെന്നും ജസ്റ്റിസ് ജെ.ബി. പർദിവാല, ജസ്റ്റിസ് കെ. വിനോദ് ചന്ദ്രൻ എന്നിവരടങ്ങിയ ബെഞ്ച് പറഞ്ഞു.

## NAPKIN WENDING MACHINE

സംസ്ഥാനത്ത് പൊതു ഇടങ്ങളിൽ സാനിറ്ററി നാപ്കിൻ വെൻഡിംഗ് മെഷീനുകളും ഇൻസിനറേറ്ററുകളും സ്ഥാപിക്കുന്ന 'വിമൻ ഓൺ ദ മൂവ് ആൻഡ് മെൻസ്ട്രൽ നീഡ്സ്' പദ്ധതിക്ക് നാളെ തുടക്കം. മന്ത്രി ബിന്ദു കൃഷ്ണ തമ്പാനൂർ കെഎസ്ആർടിസി ബസ് ടെർമിനലിൽ പദ്ധതി ഉദ്ഘാടനം ചെയ്യും.

## DRUG FREE CAMPUS

ലഹരി വിരുദ്ധ പ്രവർത്തനങ്ങളുടെ ഭാഗമായ ഡ്രഗ് ഫ്രീ ക്യാമ്പസിന്റെ സംസ്ഥാനതല പ്രഖ്യാപനം മന്ത്രി എം ലിജു നാളെ തിരുവനന്തപുരത്ത് നിർവഹിക്കും. സംസ്ഥാനത്തെ 28 കോളേജുകളെയാണ് ഡ്രഗ് ഫ്രീ ക്യാമ്പസായി പ്രഖ്യാപിക്കുന്നത്.

## RAIN - KERALA

സംസ്ഥാനത്ത് ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, പാലക്കാട് ഒഴികെയുള്ള 10 ജില്ലകളിൽ

ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരളം, കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് ഇന്ന് വിലക്കേർപ്പെടുത്തി.

## YEMEN-HOUTHIS

ലോകത്തിലെ ഏറ്റവും തിരക്കേറിയ സമുദ്ര പാതകളിലൊന്നായ ബാബ് അൽ-മന്ദെബ് കടലിടുക്കിൽ ഹൂതി വിമതർക്കെതിരെ ശക്തമായ പ്രത്യാക്രമണം ആരംഭിച്ച് യെമൻ സേന . പ്രാദേശിക ഗോത്രവിഭാഗങ്ങളുടെ സഹായത്തോടെ , നിരവധി തന്ത്രപ്രധാന കേന്ദ്രങ്ങൾ യെമൻ സേന തിരിച്ചുപിടിച്ചതായി സൈനിക വൃത്തങ്ങൾ അറിയിച്ചു. എന്നാൽ സൈന്യത്തിന്റെ മുന്നേറ്റത്തെക്കുറിച്ചുള്ള വാർത്തകൾ ഹൂതി നിയന്ത്രണത്തിലുള്ള അൽ-മസീറ ടിവി നിഷേധിച്ചു.

## STOCKS CLOSE

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം . സെൻസെക്സ് 473 പോയിൻറും നിഫ്റ്റി 134 പോയിൻറും നേട്ടത്തിൽ ഇന്ന് വ്യാപാരം അവസാനിപ്പിച്ചു . സ്വർണവിലയിൽ മാറ്റമില്ല. പവന് ഒരു ലക്ഷത്തി ഒൻപതിനായിരത്തി 400 രൂപയും ഗ്രാമിന് 13,675 രൂപയുമാണ് ഇന്നത്തെ വില.

## PM- SITHARAMAN ARTICLE

സാമ്പത്തിക പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനും റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിനും രാജ്യത്ത് സംരംഭക അവസരം സൃഷ്ടിക്കുന്നതിനും പുതുതലമുറ ജിഎസ് ടി സംവിധാനം സഹായിക്കുന്നതായി പ്രധാനമന്ത്രി നരേന്ദ്ര മോദി. നികുതിദായകർക്ക് ആശ്വാസം പകരുന്നതിനൊപ്പം സമ്പദ് വ്യവസ്ഥയുടെ വേഗത വർദ്ധിപ്പിക്കാനും ജിഎസ്ടി സംവിധാനത്തിലൂടെ കഴിഞ്ഞതായി വ്യക്തമാക്കുന്ന ധനമന്ത്രി നിർമല സീതാരാമൻറെ ലേഖനം പങ്കുവയ്ക്കുകയായിരുന്നു പ്രധാനമന്ത്രി.